കേരളം സർക്കാർ

പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം

ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്

തമ്പാനൂർ, തിരുവനന്തപുരം-695001

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 –2332120, 2338487

വിജ്ഞാപനം

പി.ജി. മെഡിക്കൽ കോഴ്സുകളിലേക്കുള്ള പ്രവേശനം - 2026

ഭിന്നശേഷി വിഭാഗക്കാർക്കുള്ള മെഡിക്കൽ ബോർഡ്

2026-27 അധ്യയന വർഷത്തെ പി.ജി. മെഡിക്കൽ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിച്ചവരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടാൻ അപേക്ഷ നൽകിയ വിദ്യാർത്ഥികൾക്കായി **06.11.2026 ന്** തിരുവനന്തപുരത്തുള്ള മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ വെച്ച് മെഡിക്കൽ ബോർഡ് നടത്തുന്നു.

ഓൺലൈൻ അപേക്ഷ സമർപ്പിച്ച സമയത്ത് ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്നതിനായി അപേക്ഷ നൽകിയവർ മെഡിക്കൽ ബോർഡിൽ പങ്കെടുക്കുന്നതിനായി **06.11.2026 രാവിലെ 10.00 മണിക്ക്** തിരുവനന്തപുരത്തുള്ള ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ഹാജരാകേണ്ടതാണ്. ഇത് സംബന്ധിച്ച് ഇ-മെയിലായി നൽകിയ അറിയിപ്പിൽ പറഞ്ഞിരിക്കുന്ന സത്യവാങ്മൂലം, മറ്റ് രേഖകൾ എന്നിവ മെഡിക്കൽ ബോർഡിൽ സമർപ്പിക്കണം.

മെഡിക്കൽ ബോർഡിൽ പങ്കെടുക്കാത്ത വിദ്യാർത്ഥികളെ പി.ജി. മെഡിക്കൽ കോഴ്സുകളിലെ ഭിന്നശേഷി വിഭാഗം സീറ്റുകളിലേക്കുള്ള അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.

ഹെൽപ് ലൈൻ നമ്പർ : 0471-2332120

തിരുവനന്തപുരം
02-11-2026

Digitally signed by Sameer Kishan
Date: 02-11-2026 13:28:19

പ്രവേശന പരീക്ഷാ കമ്മീഷണർ